ഭരണഭാഷ - മാതൃഭാഷ


തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്)
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം 33 –

Phone : 0471 – 2324951
0471 – 2325071
Tele FAX : 0471 – 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in


നം. ഡിബി1-7942/2010/സിഇ/തസ്വഭവ　　　　　　　　തീയതി 16/10/2021

## പരിപത്രം

സൂചന: - സ.ഉ(സാധാ)നം. 1778/2021/തസ്വഭവ തീയതി 16.09.2021

DSR 2016 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സാങ്കേതികാനുമതി നൽകുന്നതിനും അതോടൊപ്പം 10% വരെയുള്ള ടെണ്ടർ അധിക നിരക്ക് പ്രാദേശിക വിപണി നിരക്കിന്റെ പരമാവധിയ്ക്ക് വിധേയമായും തദ്ദേശ സ്വയംഭരണ വകുപ്പിൽ സൂചന പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്. മേൽ സൂചന ഉത്തരവ് പ്രകാരം പ്രവൃത്തികൾ ടെണ്ടർ ചെയ്ത് തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് ചില അവ്യക്തതകൾ നിലനിൽക്കുന്നതായി ഈ കാര്യാലയത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ സൂചന ഉത്തരവ് പ്രകാരം ടെണ്ടർ ചെയ്യുന്ന പ്രവൃത്തികൾക്കായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) മേൽ സർക്കാർ ഉത്തരവ് DSR 2016 നിരക്ക് പ്രകാരം സാങ്കേതികാനുമതി വാങ്ങി ടെണ്ടർ ചെയ്യുന്ന ഇ-ടെണ്ടറിനും മാന്വൽ ടെണ്ടറിനും ഒരുപോലെ ബാധകമാണ്.
2) നിയമസാധുതയുള്ളതും ഏറ്റവും കുറഞ്ഞ നിരക്ക് (ഏറ്റവും കുറഞ്ഞ തുക / ശതമാനം) രേഖപ്പെടുത്തിയ കോൺട്രാക്ടർ സമർപ്പിച്ച ഷെഡ്യൂൾ ആണ് പരിശോധനകൾക്ക് വിധേയമാക്കേണ്ടത് (L1)
3) High quoted rate (DSR നിരക്കിനേക്കാൾ അധികരിച്ച് ക്വാട്ട് ചെയ്ത നിരക്കുകൾ) കുറച്ച് തരുന്നതിന് L1-നോട് ആവശ്യപ്പെടേണ്ടതാണ് (item rate tender)
4) a) L1 - quoted നിരക്ക് / Negotiate ചെയ്ത് കുറച്ച നിരക്ക് (Negotiation പ്രകാരം നിരക്ക് കുറയ്ക്കുകയോ കുറയ്ക്കാതിരിക്കുകയോ ആകാം)

b) DSR + 10% [DSR 2016 പ്രകാരം അംഗീകാരം ലഭിച്ച നിരക്ക് പ്രകാരം തയ്യാറാക്കിയ Schedule / Tender Schedule തുക (estimate PAC)-യോടൊപ്പം 10% കൂട്ടിച്ചേർത്ത തുക, ഐറ്റം തിരിച്ച് നിജപ്പെടുത്തേണ്ടതില്ല. ആകെ തുക പരിശോധിച്ചാൽ മതി.]

c) വിപണി നിരക്ക് പ്രകാരം (LMR) കണക്കാക്കിയ LMR തുക (സാങ്കേതികാനുമതി ലഭ്യമായ എസ്റ്റിമേറ്റിന്റെ LMR justification) PRICE-ൽ നിന്നും ലഭ്യമാകുന്നത്.

a, b, c ഇവയിൽ ഏതാണോ ഏറ്റവും കുറഞ്ഞ തുക, ടി തുകയാണ് അനുവദനീയമായ കരാർ തുക

5) ടെണ്ടർ കമ്മിറ്റിയുടെ ശുപാർശയോടെ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനമാണ് ടെണ്ടർ അംഗീകരിക്കേണ്ടത്

6) Item rate tender ആയാലും, ശതമാന നിരക്ക് ടെണ്ടർ ആയാലും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കോൺട്രാക്ടർക്ക് മാത്രമേ (L1) ടെണ്ടർ അംഗീകരിച്ച് നൽകാൻ പാടുള്ളൂ. (എസ്റ്റിമേറ്റ് നിരക്കിനേക്കാൾ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ കോൺട്രാക്ടർക്ക് (L1) ടിയാൻ തയ്യാറാകുകയാണെങ്കിൽ എസ്റ്റിമേറ്റ് നിരക്കിൽ എഗ്രിമെന്റ് ഉറപ്പിക്കുന്നതിന് തടസ്സമില്ല)

ചീഫ് എഞ്ചിനീയർ

P 1095